KARICKAM INTERNATIONAL PUBLIC SCHOOL (CBSE)
KARICKAM P.O, KOTTARAKKARA – 691531
Affiliation No. 930841

KIPS CHRONICLE 2024- 2025



BEST ALL ROUNDER SCHOOL

ദുബായിൽ നടന്ന അന്തർദേശീയ സ്കൂൾ ഉച്ച കോടിയിൽ ബെസ്റ്റ് ഓൾ റൗണ്ടർ സ്കൂൾ പുരസ്കാരത്തിന് കരിക്കം ഇന്റർനാഷണൽ പബ്ലിക് സ്കൂൾ അർഹത നേടി.





പ്രവേശനോത്സവം 2024 -2025





ലോക പരിസ്ഥിതി ദിനം





ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു ഇരുന്നൂറിലേറെ വൃക്ഷതൈകൾ വിതരണം ചെയ്തു.
പരിസ്ഥിതിദിന പോസ്റ്റർ രചന ,പരിസ്ഥിതിദിന ക്വിസ് , ഉപന്യാസ രചന തുടങ്ങി മത്സരങ്ങൾ നടത്തി.

ലഹരിക്കെതിരെ ബോധവൽക്കരണം





വർദ്ധിച്ചു വരുന്ന ലഹരിയുടെ ഉപയോഗം അതുണ്ടാക്കുന്ന സാമൂഹിക വിപത്ത് എന്നിവയെപറ്റി അവബോധമുണ്ടാക്കുന്നതിനായി കൊട്ടാരക്കര ആശ്രയയുടെ സഹകരണത്തോടുകൂടി കരിക്കം ഇന്റർനാഷണൽ പബ്ലിക് സ്കൂൾ ബോധവൽക്കരണം നടത്തി. ലഹരിക്കെതിരെ പോസ്റ്റർ മത്സരം, റാലി എന്നിവ സംഘടിപ്പിച്ചു .ലഹരിക്കെതിരെ വിദ്യാർഥികൾ പ്രതിജ്ഞയെടുത്തു.

'ആരോഗ്യവും കുട്ടികളും' - സെമിനാർ



'ആരോഗ്യവുംകുട്ടികളും' എന്ന വിഷയത്തെകുറിച്ചു തലച്ചിറ സാമൂഹിക ആരോഗ്യകേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ബിജു കുട്ടികൾക്ക് ക്ലാസ് എടുക്കുന്നു

വ്യക്തിത്വ വികസന ശില്പശാല



അഖില കേരള ബാലജനസഖ്യവുമായി ചേർന്നു വ്യക്തിത്വവികസന ശില്പശാല നടത്തി. റിട്ട. ഡപ്യൂട്ടി കളക്ടർ ബി.അനിൽകുമാർ ഉദ്ഘാടനം ചെയ്തു.

മെഡിക്കൽ പരിശോധന





തലച്ചിറ പി.എച്ച് സെന്ററിന്റെ സഹായത്തോടെ നടത്തിയ സൗജന്യ പരിശോധനയിൽ നൂറിലേറെ പൊതുജനങ്ങൾ പങ്കെടുത്തു. സ്കൂളിലെ കുട്ടികളെ മുഴുവൻ ഡോക്ടർമാരുടെ സംഘം പരിശോധിക്കുകയുണ്ടായി.വ്യക്തിശുചിത്വം, പരിസ്ഥിതി ശുചിത്വം, നല്ല ജീവിതരീതികൾ എന്നിവയെപറ്റി കുട്ടികൾക്ക് ക്ലാസ് എടുത്തു.

നല്ലപാഠം ചാരിറ്റി ഫണ്ട്

നല്ലപാഠം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ചാരിറ്റി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു. ഇതിനാവശ്യമായ ഫണ്ട് നല്ലപാഠം ക്ലബ് ശേഖരിക്കുന്നു. ഇതാണ് 'നല്ലപാഠം സാന്ത്വനം ചാരിറ്റി ഫണ്ട്'. ക്ലാസ്റൂമുകളിൽ വച്ചിരിക്കുന്ന നല്ലപാഠം ചാരിറ്റി ബോക്സുകളിൽ തുക നിക്ഷേപിക്കൽ, ജന്മദിനം പോലെയുള്ള വിശേഷ ദിവസങ്ങളിൽ തുക മാറ്റി വച്ച് നൽകുക, നല്ലപാഠം ചാരിറ്റി ഫണ്ട് കൂപ്പൺ എന്നിവയിലൂടെ തുക സമാഹരിക്കുന്നു



നല്ലപാഠം ക്ലബ്ബ് അംഗങ്ങൾ കോക്കാട് 'അമ്മ ഓൾഡ് ഏജ് ഹോം ' സന്ദർശിച്ചു. അന്തേവാസികൾക്ക് പൊതിച്ചോറും വസ്ത്രങ്ങളും സമ്മാനിച്ചു.



കിപ്സ് നല്ലപാഠം ചാരിറ്റി ഫണ്ട് ഡപ്യൂട്ടി മാനേജർ എം. തോമസ് ജൂബിലി മന്ദിരം സൂപ്രണ്ട് റവ. ഷിബു ശാമുവലിനു കൈമാറുന്നു.



നല്ലപാഠം ക്ലബ്ബ് അംഗങ്ങൾ ചെങ്ങമനാട് സ്നേഹ ഭവൻ അഗതി മന്ദിരം സന്ദർശിച്ചു. അന്തേവാസികൾക്ക് പൊതിച്ചോറും വസ്ത്രങ്ങളും സമ്മാനിച്ചു

സ്നേഹ തണലായി - വിദ്യാർത്ഥികൾ കലയപുരം ആശ്രയ സങ്കേതം സന്ദർശിച്ചു







ജീവകാരുണ്യ പദ്ധതി തണൽ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾ കലയപുരം ആശ്രയ സങ്കേതം സന്ദർശിച്ചു. അന്തേവാസികളോടൊപ്പം ക്രിസ്മസ് ആഘോഷവും നടത്തി. വിദ്യാർത്ഥികൾ സമാഹരിച്ച സാമ്പത്തിക സഹായം, വസ്ത്രങ്ങൾ, നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയവ സ്കൂൾ ചെയർമാൻ ഡോ. ഏബ്രഹാം കരിക്കം സങ്കേതം ജനറൽ സെക്രട്ടറി കലയപുരം ജോസിന് കൈമാറി.

അനുമോദനം



വെല്ലൂർ മെഡിക്കൽ കോളജിൽ ബി.എസ് .സി നഴ്സിങ്ങിനു അഡ്മിഷൻ നേടിയ മുൻ വിദ്യാർത്ഥി അബിയ മറിയം റോയിക്കു അനുമോദനം നൽകി.

ആർട്സ് ഫെസ്റ്റ്

ഗിന്നസ് വേൾഡ് റെക്കോർഡ് ജേതാവായ ഇന്ത്യയിലെ ആദ്യത്തെ വനിതാ ബീറ്റ് ബോക്സർ ആർദ്ര സാജൻ ആർട്സ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു.



സഹോദയ യുവജനോത്സവം

കൊല്ലം സഹോദയ നടത്തിയ യുവജനോത്സവത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു സമ്മാനം നേടുകയുണ്ടായി.



ഭാഷോത്സവം



നാല്പത്തഞ്ചു സ്കൂളുകളുടെ ശൃംഖലയായ കൊല്ലം സഹോദയ നടത്തിയ ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷോത്സവങ്ങളിൽ നിരവധി വിദ്യാർത്ഥികൾ പങ്കെടുത്തു. ഒട്ടനവധി സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. .

സമാധാന പദയാത്ര

ഹിരോഷിമാ വാരത്തോടനുബന്ധിച്ചു എം.സി .റോഡിലൂടെ സമാധാന പദയാത്ര നടത്തി. പല സാമൂഹ്യ സന്നദ്ധ സംഘടനകളിൽനിന്നും അറുനൂറോളം പേർ പങ്കെടുത്തു.



മുപ്പതു കുടുംബങ്ങൾക്ക് ഓണകിറ്റ്



ഓണത്തോടനുബന്ധിച്ചു കോളനിയിലെ മുപ്പതു നിർധന കുടുംബങ്ങൾക്ക് ഓണക്കിറ്റ് സമ്മാനിച്ചു. പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച സാധനങ്ങൾ കിറ്റുകളിലാക്കി നേരിട്ട് വീടുകളിലെത്തി വിതരണം നടത്തുകയുണ്ടായി.





ഓണാഘോഷം

വിദ്യാർത്ഥികളും അധ്യാപകരും ഒത്തുചേർന്നു വർണ്ണാഭമായ ഓണാഘോഷവും മത്സരങ്ങളും സംഘടിപ്പിച്ചു.





സമാധാന നിർമ്മിതി ക്യാമ്പ്

അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ നടന്ന ത്രിദിന സമാധാന നിർമ്മിതി ക്യാമ്പിൽ കിപ്സ് വിദ്യാർത്ഥി പ്രതിനിധികൾ പങ്കെടുത്തു. യുണൈറ്റഡ് റിലീജിയൻസ് ഇനിഷ്യറ്റീവ് ദക്ഷിണേൻഡ്യാ ഘടകം സംഘടിപ്പിച്ച ക്യാമ്പിൽ കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള നാൽപ്പതു പ്രതിനിധികളാണ് പങ്കെടുത്തത്.



കേരളാപിറവി

കേരളാപിറവി ദിനത്തോടനുബന്ധിച്ചു കേരളാപിറവി ദിന റാലി നടത്തുകയുണ്ടായി . കുട്ടികൾ എല്ലാം കേരളീയ വേഷത്തിൽ പങ്കെടുത്തു. അന്നേദിവസം കുട്ടികൾക്ക് കേരളാ ക്വിസ് മത്സരവും നടത്തുകയുണ്ടായി.



ഹിരോഷിമ നാഗസാക്കി ദിനം

ഓഗസ്റ്റ് – 9 നു ഹിരോഷിമ നാഗസാക്കി ദിനം ആചരിച്ചു. കുട്ടികളുടെ റാലിയും പോസ്റ്റർ മേക്കിങ് , ഉപന്യാസ രചന , ചിത്രരചന തുടങ്ങിയവയും നടത്തുകയുണ്ടായി







അദ്ധ്യാപകർക്ക് ആദരം



അദ്ധ്യാപക ദിനത്തിൽ അദ്ധ്യാപകരെ ആദരിച്ചു. അധ്യാപകരുടെ വക പ്രത്യേക അസ്സംബ്ലിയുണ്ടായിരുന്നു . മുതിർന്ന കുട്ടികൾ അന്ന് അധ്യാപകരായി ചെറിയ കുട്ടികൾക്ക് ക്ലാസുകൾ എടുത്തു.

അന്തർ ദേശീയ യോഗദിനം



അന്തർ ദേശീയ യോഗ ദിനത്തിൽ കുട്ടികൾക്കുവേണ്ടി പ്രത്യേക യോഗ ക്ലാസ് എടുത്തു. നിത്യ ജീവിതത്തിൽ യോഗയുടെ പ്രാധാന്യത്തെകുറിച്ചുള്ള പ്രസംഗം കുട്ടികൾ തയ്യാറാക്കി അവതരിപ്പിച്ചു.

കിപ്സ് എക്സ്പോ



കിപ്സൽ നടത്തിയ ശാസ്ത്ര സാങ്കേതിക എക്സിബിഷൻ വളരെ ശ്രദ്ധയാകർഷിച്ചു. വി.എസ് .എസ്.സി., ഫയർ ആൻഡ് റസ്ക്യൂ , പ്ലാനറ്റേറിയും, റോബോട്ടിക്സ് തുടങ്ങി നാല്പതോളം സ്റ്റാളുകൾ പ്രവർത്തിച്ചു. കൊല്ലം സഹോദയ ജനറൽ സെക്രട്ടറി ബോണിഫിഷ്യ വിൻസന്റ് ഉദ്ഘാടനം ചെയ്തു.



ശിശുദിനം



നവംബർ 14 – നു സ്കൂളിൽ ശിശുദിനം ആഘോഷിച്ചു. കുട്ടികൾ ചാച്ചാജിയുടെ വേഷത്തിൽ വരുകയും ചാച്ചാജിയുടെ ജീവിതത്തെകുറിച്ച് അസ്സബ്ളിയിൽ ചർച്ച ചെയ്യുകയുമുണ്ടായി.

കെ.ജി കളേർസ് ഡേ



കെ ജി കളേർസ്ഡേ ആഘോഷിച്ചു. കുട്ടികൾ വർണ്ണ വസ്ത്രങ്ങൾ ധരിച്ചു എത്തുകയും വർണ്ണ ബലൂണുകൾ കൊണ്ട് ക്ളാസ് റൂം അലങ്കരിക്കുകയും ചെയ്തു

കോടനാട് വ്യൂ പോയിന്റ് സന്ദർശിച്ചു



നീലഗിരി ആദിവാസി വെൽഫയർ അസോസിയേഷന്റെ ക്ഷണപ്രകാരം അദ്ധ്യാപകരും വിദ്യാർത്ഥികളും കോട്ടഗിരി സന്ദർശിച്ചു. തോടർ, പണിയർ, കുറവർ, ഇരുളർ, കുറുമ്പ, കാട്ടുനായ്ക്ക ,കോട്ട തുടങ്ങി എട്ടു ആദിവാസി വിഭാഗങ്ങളെ സന്ദർശിക്കുകയും അവരുടെ കുട്ടികൾക്കായുള്ള ബ്ലോസ്സം സ്കൂളിൽ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു

പഠന യാത്ര

ഈ വർഷവും വിവിധ സ്ഥലങ്ങളിലേക്ക് വിനോദ പഠന യാത്രകൾ നടത്തുകയുണ്ടായി. ക്ലാസിൽ പഠിക്കുന്ന വിഷയങ്ങൾ ആഴത്തിൽ മനസിലാക്കാൻ മനോഹരമായ അവസരമാണ് പഠന യാത്രകൾ നൽകുന്നത്. ഇത് കുട്ടികളുടെ ബുദ്ധികൌശലവും അവബോധശേഷിയും വികസിപ്പിക്കുന്നതിന് സഹായകരമാണ്.







കായികവിനോദം

ഫുട്ബോൾ , വോളിബോൾ , ബാസ്കറ്റ്ബോൾ , ക്രിക്കറ്റ് തുടങ്ങിയ കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരിക ക്ഷമതയും നേതൃപാടവവും വളർത്തുന്നതിനു ശ്രദ്ധിക്കുന്നു. . ഇതിനായി സ്കൂൾ ടൂർണമെന്റുകൾ കൂടാതെ ഇന്റർ സ്കൂൾ ഫുട്ബോൾ ടൂർണമെന്റും നടത്തുകയുണ്ടായി. 8 ടീമുകൾ പങ്കെടുത്തു.





ബോധവത്കരണ സെമിനാർ

കേരള കൗമുദിയും മോട്ടോർ വാഹന വകുപ്പും സംയുക്തമായി ചേർന്ന് കുട്ടികൾക്ക് ഗതാഗത ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു.



വാക് ഫോർ ഫ്രീഡം ക്യാമ്പയിൻ

സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന ചൂഷണത്തിനെതിരെ വാക് ഫോർ ഫ്രീഡം ക്യാമ്പയിൻ സംഘടിപ്പിച്ചു. അദ്ധ്യാപകരും വിദ്യാർത്ഥികളും കറുത്ത വസ്ത്രം ധരിച്ചു ചൂഷണത്തിന് എതിരെ ഉള്ള പ്ലകാർഡുകളുമായി എം. സി റോഡിലൂടെ റാലി നടത്തി. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഇത് ഏറെ സഹായിച്ചു.



അദ്ധ്യാപക ശില്പശാല

കിപ്സിലെ അദ്ധ്യാപകർക്ക് ഒരാഴ്ചത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. റാഞ്ചി സ്കൂൾ മുൻ പ്രിൻസിപ്പൽ റവ.അലക്സൻഡർ തോമസ് ഉദ്ഘാടനം ചെയ്തു. കെ.എം .മാത്യു, ഡോ.ഏബ്രഹാം കരിക്കം തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.



രക്ഷാകർതൃ സമ്മേളനം

വിവിധ പ്രവർത്തനങ്ങളിൽ മാതാപിതാക്കളെക്കൂടി സഹകരിപ്പിക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി രക്ഷാകർതൃ സമ്മേളനങ്ങൾ നടത്തി വരുന്നു. പി.ടി.എ ദിനത്തിൽ പ്രത്യേക ഭക്ഷണ ശാലകൾ നടത്തി ചാരിറ്റി ഫണ്ടിലേക്ക് മാതാപിതാക്കൾ സംഭാവന നൽകി വരുന്നു



കരിയർ ഗൈഡൻസ് ക്ലാസുകൾ

10-ാം ക്ലാസിലും 12-ാം ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ക്ളാസുകൾ സംഘടിപ്പിച്ചു. കൊട്ടാരക്കരയിലെ സാന്റ മോണിക്ക ഗ്രൂപ്പ് ക്ളാസ്സുകൾക്കു നേതൃത്വം നൽകി. വിദ്യാർത്ഥികളുടെ പ്രൊഫഷണൽ കഴിവുകൾ, താൽപര്യങ്ങൾ, പ്രാപ്തികൾ എന്നിവ മനസിലാക്കുന്നതിന് ഇത്തരത്തിലുള്ള ക്ലാസുകൾ കൊണ്ട് സാധിക്കുന്നു



യോഗ ക്ളാസ്സുകൾ

ബാംഗ്ലൂരിൽ നിന്നുള്ള ബ്രെയിൻ യോഗി കിപ്സിലെ കുട്ടികൾക്ക് യോഗ ക്ളാസ്സുകൾ എടുത്തു





KARICKAM
INTERNATIONAL
PUBLIC SCHOOL (CBSE)
Karickam P.O, Kottarakkara
An International School
at Your Door Steps
NO OTHER SCHOOL LIKE KIPS
Affiliation Number: 930841
The Best
All Rounder School
0474 2450325
9446593013